# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 മാർച്ച് 06 മുതൽ മാർച്ച് 10 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.19/2021 | തീയ്യതി: 05/03/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 32.0 – 33.0 | 21.0 – 23.5 | 60– 97 | 02-08 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 06-03-2021 | 07-01-2021 | 08-03-2020 | 09-03-2021 | 10-03-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 38 | 38 | 38 | 38 | 38 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 6 | 8 | 4 | 4 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 290 | 270 | 230 | 250 |
| മേഘ വിന്യാസം, ഒക്ടാ | 2 | 1 | 1 | 2 | 1 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **മഴയ്ക്ക് സാധ്യതയില്ല.** **പൊതുവെ വരണ്ട കാലാവസ്ഥ അനുഭവപ്പെടും. മണ്ണിൽനിന്നും വിളകളിൽ നിന്നും ഉണ്ടായേക്കാവുന്ന ഈർപ്പ നഷ്ടം കുറക്കുവാനുള്ള നടപടികൾ സ്വീകരിക്കുക** | | |
| നെല്ല് | വിവിധ ഘട്ടം | ചാഴി  | നെല്ലിൽ പാൽ നിറയുന്ന സമയത്ത് ചാഴിയുടെ ആക്രമണത്തിനെതിരെ ജാഗ്രത പുലർത്തുക. പാടത്തും വരമ്പത്തും ഉള്ള കളകൾ നീക്കം ചെയ്യുക.<br><br>ചാഴിയുടെ ആക്രമണം കണ്ടാൽ ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി തളിക്കുക. |
| പച്ചക്കറികൾ | വിവിധ ഘട്ടങ്ങൾ | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ   | നിയന്ത്രിക്കുന്നതിനായി വേപ്പധിഷ്ഠിത കീടനാശിനി 4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി, പുഷ്പിക്കുന്നതിന് ഒരാഴ്ച മുമ്പു വരെ 7 ദിവസത്തെ ഇടവേളകളിൽ ഇലയുടെ ഇരുവശത്തും തളിക്കുക. ആക്രമണം രൂക്ഷമാവുകയാണെങ്കിൽ അക്കാര എന്ന കീടനാശിനി 10 ലിറ്റർ വെള്ളത്തിൽ 2 ഗ്രാം എന്നതോതിൽ നേർപ്പിച്ച് തളിക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങിനങ്ങൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br><br>2.തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം 6 ഗ്രാം ഫെർട്ടറ (Ferterra) 250ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവശ്യം -ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്.<br><br>തോട്ടങ്ങളിൽ സമ്പൂർണ്ണ ശുചിത്വം അവലംബിക്കുക. |
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | നിലത്തു വീണു കിടക്കുന്ന കായീച്ചകളെ എടുത്തു 60 സെ. മീ. ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.<br><br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (സെന്റിന് ഒന്ന് വീതം) സ്ഥാപിക്കുക. |
| മൃഗ സംരക്ഷണം | വിവിധ ഘട്ടം | <u>അത്യോഷ്മാവ്</u><br><br>അന്തരീക്ഷ ഊഷ്മാവ് അധികമാവുമ്പോൾ കൂടുതലായി അനുഭവപ്പെടുന്ന ചൂട് പുറന്തള്ളാൻ കഴിയാതെ ശരീരത്തിൽ തന്നെ അവശേഷിക്കുന്നത് വഴി മൃഗങ്ങളുടെ ശരീരം താപസമ്മർദ്ദം (heat stress)-ന് അടിപ്പെടുന്നു. പശുക്കളിൽ അമിത താപസമ്മർദ്ദം ഉണ്ടാകുമ്പോൾ ഉമിനീർ ധാരാളമായി പുറന്തള്ളും. പശുക്കളുടെ സ്വാഭാവിക ദഹന വ്യവസ്ഥയെ ബാധിക്കുകയും തുടർന്ന്. തീറ്റയെടുക്കൽ കുറയുക, പ്രത്യുല്പാദന വ്യവസ്ഥയെ ബാധിക്കുക, മദിചക്രത്തെയും ഗർഭ ധാരണത്തെയും ബാധിക്കുക, ഉൽപ്പാദനം കുറയുക, പാലിന്റെ കൊഴുപ്പിന്റെ അളവ് കുറയുക എന്നിവയ്ക്ക് കാരണമായി തീരുകയും ചെയ്യും . | തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട് ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ/കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽവൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും.<br><br>തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കാം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്.<br><br>ധാരാളം ശുദ്ധ ജലം എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീര ഭാരത്തിന്റെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാംശം 80 ശതമാനത്തേക്കാൾ കൂടുതലാണെന്നതും മറക്കാതിരിക്കുക.<br><br>എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക.<br><br>പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ  സേവ പദ്ധതി